# പ്രതിസന്ധിയിലും പ്രത്യാശ

## ഫിലിപ്പ്യർ 1:19

"നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും അത് എനിക്ക് രക്ഷാകാരണമായിത്തീരും എന്നു ഞാൻ അറിയുന്നു."

അപ്പോസ്തലനായ പൗലോസ് തന്റെ വാർദ്ധക്യം ചെന്ന അവസ്ഥയിൽ എല്ലാവരിൽ നിന്നും മാറ്റപ്പെട്ട് ജയിലിൽ വധശിക്ഷയും കാത്ത് ബന്ധനസ്തനായി കിടക്കുമ്പോളും ഉണ്ടായിരുന്ന പ്രത്യാശയാണ് നാം ഇവിടെ കാണുന്നത്. കടന്നു പോകുന്ന അനുഭവങ്ങൾ യാതൊരുവിധ സമാധാനവും, സന്തോഷവും തരാത്ത സാഹചര്യങ്ങൾ ആയിരുന്നപ്പോഴും പൗലോസിൽ നിന്നും കവർന്നെടുക്കുവാൻ കഴിയാതിരുന്ന ഒന്നുണ്ടായിരുന്നു, മറ്റൊന്നുമല്ല, തന്നെപ്പറ്റിയുള്ള ദൈവീക ഉദ്ദേശ്യത്തെക്കുറിച്ചുള്ള ബോധ്യം. അതു കൊണ്ടാണ് പൗലോസ് പറഞ്ഞത് എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി തീർന്നുവെന്ന്. അനേകർ ഈ ബന്ധനം കൊണ്ട് കർത്താവിൽ ശക്തിപ്പെടുവാനും ഇടയായി.

നമ്മുടെ ജീവിതത്തിലും ഇതു പോലെ കടന്നു പോകുന്ന സാഹചര്യങ്ങൾ പ്രതീക്ഷക്ക് വകയില്ലാത്തതാകുമ്പോൾ നമ്മുടെ മനോഭാവം എന്താണ്. എല്ലാവരോടും പ്രാർത്ഥിക്കണമെന്ന് പറയുമെങ്കിലും ദൈവം ഇടപെടും എന്ന് പറയുമെങ്കിലും, പൗലോസിനെ പോലെ നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും അത് എനിക്കു രക്ഷാകാരണമായി തീരും എന്ന് ഉറച്ചു വിശ്വസിക്കാനും കർത്താവിൽ സന്തോഷിക്കാനും പലപ്പോഴും സാധിക്കാറുണ്ടോ എന്ന് നാം ആത്മശോധന ചെയ്യണം. എന്റെ ജീവിതത്തിൽ എന്ത് ഭവിച്ചാലും എന്ത് സഹിക്കേണ്ടി വന്നാലും അത് ദൈവത്തോട് ചേർന്ന് നിന്ന് ഏറ്റെടുക്കാൻ തയ്യാറാവുമ്പോൾ മാത്രമാണ് ദൈവം നമ്മുടെ ജീവിതത്തിലും ഇടപെടുന്നത്.

എന്തുവന്നാലും ലക്ഷ്യം തെറ്റാത്ത ഓട്ടം സ്ഥിരതയോടെ ഓടാൻ തീരുമാനിച്ച് ഉറച്ച ഒരു ദൈവപൈതൽ തളർത്തുന്ന അനുഭവങ്ങളുടെ മദ്ധ്യത്തിൽ ഓട്ടം മതിയാക്കാനോ ലക്ഷ്യം തെറ്റുവാനോ ഇടയാകരുത്. അപ്പോഴാണ് നമ്മിലൂടെ ദൈവനാമം മഹത്വപ്പെടുന്നത്. പ്രശ്നങ്ങളിലേക്ക് നോക്കിയാൽ നമ്മുടെ സന്തോഷവും സമാധാനവും നഷ്ടമാവും. എന്നാൽ വലിയവനായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാൻ സാധിച്ചാൽ നമ്മുടെ ഹൃദയം സമാധാനത്താൽ നിറയും. എങ്ങനെ പ്രതികരിക്കണം എന്നത് നമ്മുടെ തീരുമാനമാണ്. പൗലോസിന് സംഭവിച്ചത് അനേകരുടെ ആത്മീക വർദ്ധനക്ക്

കാരണമായെങ്കിൽ പ്രിയ ദൈവപൈതലേ എന്റെ ജീവിതത്തിന്റെ പ്രതിസന്ധിയുടെ മദ്ധ്യത്തിൽ എനിക്കും എന്റെ ചുറ്റുമുള്ളവർക്കും എന്ത് ആത്മീക വർദ്ധനവ് ഉണ്ടായി എന്ന് നമുക്കും ഒന്ന് ശോധന ചെയ്യാം. നമ്മുടെ ജീവിതത്തെ പറ്റിയുള്ള ദൈവീക ഉദ്ദേശ്യത്തെ കുറിച്ചുള്ള ബോധ്യം നമ്മിലുണ്ടാവാനും അതിലുറച്ച് ജീവിക്കുവാനുള്ള കൃപക്കായി പ്രാർഥിക്കാം.

**പരാമർശം:**

**റോമർ 8:28**

**എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.**

**സിസ്റ്റർ നിനു ബിനു ബേബി ആലപ്പുഴ 055**